Mathrubhumi മാതൃഭൂമി

**6 June 2022**

# മത്തിക്കൂട്ടം കാരണം കപ്പലടുപ്പിക്കാൻ കഴിയാതെ വന്ന കാലമുണ്ടായിരുന്നു,കേരളതീരത്തെ മത്തിയെങ്ങോട്ട് പോയി

ചാൾസ് ജോർജ്

06 June 2022, 11:26 AM IST

**1320 ൽ തീരക്കടിലിൽ അടിഞ്ഞ് കൂടിയ മത്തിക്കൂട്ടം കാരണം തീരത്ത് കപ്പൽ അടുപ്പിക്കാനാവാതെ ദിവസങ്ങളോളം കഴിയേണ്ടി വന്ന കാര്യം 1865 ൽ പ്രസിദ്ധീകരിച്ച മലബാറിലെ മത്സ്യങ്ങൾ എന്ന കൃതിയിൽ പറയുന്നുണ്ട്. കേരളത്തിന്റെ മത്സ്യോത്പാദനം 6.43 ലക്ഷം ടണ്ണിൽ നിന്നും 15 ശതമാനം ഇടിഞ്ഞ് 5.44 ലക്ഷം ടണ്ണായതായാണ് കണക്കുകൾ**

**കാ**ലാവസ്ഥാ വ്യതിയാനം സൃഷ്ടിക്കുന്ന ദുരന്തങ്ങളുടെ പ്രത്യാഘാതം ഏറ്റവും കൂടുതൽ അനുഭവിക്കുന്ന ഒരു സംസ്ഥാനമായി കേരളം മാറിക്കൊണ്ടിരിക്കുകയാണ്. വരൾച്ച, കൊടുങ്കാറ്റ്, പ്രളയം, എന്നിവ ഒറ്റയ്ക്കൊറ്റയ്ക്കോ അല്ലെങ്കിൽ ഒരു വർഷത്തിനുള്ളിൽ തന്നെയോ സംഭവിക്കാവുന്ന ഒരു സംസ്ഥാനമാണ് കേരളം ഇന്ന്. കഴിഞ്ഞ 17 വർഷങ്ങൾക്കിടയിൽ നമ്മുടെ കടൽത്തീരത്തിന്റെ 45 ശതമാനവും നഷ്ടപ്പെട്ടിട്ടുണ്ടെന്ന് കണക്കുകൾ പറയുന്നു. ഐക്യരാഷ്ട്ര സഭയുടെ വിലയിരുത്തൽ പ്രകാരം ഇതിന്റെ ഭാഗമായി നമുക്ക് 80 ബില്യൺ ഡോളറിന്റെ നഷ്ടമാണ് ഉണ്ടായിട്ടുള്ളത്. കേന്ദ്ര സർക്കാർ സ്ഥാപനമായ ഇൻകോയിസിന്റെ കണക്കുപ്രകാരം പ്രതിവർഷം 0.33 മില്ലീ മീറ്റർ മുതൽ 5.16 മില്ലീ മീറ്റർ വരെ കടൽ നിരപ്പിൽ വർധനയുണ്ട്. കാലാവസ്ഥാ വ്യതിയാനത്തിന്റെ അധികം ചർച്ച ചെയ്യപ്പെടാതെ പോകുന്ന ഒരു വിഷയം മത്സ്യ വരൾച്ചയുടേതാണ്. ഇന്ത്യയിലേയും കേരളത്തിന്റേയും മത്സ്യോത്പാദനം സംബന്ധിച്ച സ്ഥിതി വിവരക്കണക്കുകൾ ഭീഷണമായ ഒരു അവസ്ഥയിലേക്കാണ് വിരൽ ചൂണ്ടുന്നത്. തമിഴ്നാട്ടിലേയും കർണാടകയിലേയും മത്സ്യോത്പാദനത്തിൽ വർധനവുണ്ട്. എന്നാൽ കേരളത്തിന്റെ മത്സ്യോത്പാദനം 6.43 ലക്ഷം ടണ്ണിൽ നിന്നും 15 ശതമാനം ഇടിഞ്ഞ് 5.44 ലക്ഷം ടണ്ണായതായാണ് കണക്കുകൾ. ഏറ്റവും കൂടുതൽ ഇടിവുണ്ടായിരിക്കുന്നത് പരമ്പരാഗത മത്സ്യ തൊഴിലാളികൾ പിടിക്കുന്ന അയലയുടേയും മത്തിയുടേയും ഉത്പാദനത്തിലാണ്. 2012ൽ 3.99 ലക്ഷം മത്തി പിടിച്ച സംസ്ഥാനത്ത് അത് കേവലം 44,320 ടണ്ണായാണ് കുറഞ്ഞിരിക്കുന്നത്. കഴിഞ്ഞ 25 വർഷത്തിനിടെയുള്ള ഏറ്റവും കുറഞ്ഞ ഉത്പാദനം ആണ് ഇത്. അയലയുടെ ഉത്പാദനത്തിലുമുണ്ട് 50 ശതമാനം കുറവ്.

### *മത്തിയുടെ ഇടിവ് ചരിത്രം*

ചരിത്രപരവും പാരിസ്ഥിതികവും ആയ കാരണങ്ങളാൽ മത്തിക്ക് ഇത്തരത്തിൽ ഉള്ള തകർച്ച സ്വാഭാവികമാണെന്ന് വിദഗ്ദർ ചൂണ്ടിക്കാട്ടുന്നുണ്ട്. കേരളത്തിലെ മത്സ്യങ്ങളെ സംബന്ധിച്ച് വർഗീകരണം നടത്തി ആധികാരികമായി ആദ്യം പ്രസിദ്ധീകരിച്ചത് ഫ്രാൻസിസ് ഡേ എന്ന വിദേശിയാണ്. 1865 ൽ പ്രസിദ്ധീകരിച്ച മലബാറിലെ മത്സ്യങ്ങൾ എന്ന കൃതിയിലാണ് ഇത്. 1320 ൽ കപ്പലിൽ സിലോൺ തീരത്ത് വന്ന ഫ്രീയോ ഓഡോറിക്കിന് തീരക്കടിലിൽ അടിഞ്ഞ് കൂടിയ മത്തിക്കൂട്ടം കാരണം തീരത്ത് കപ്പൽ അടുപ്പിക്കാനാവാതെ ദിവസങ്ങളോളം കഴിയേണ്ടി വന്ന കാര്യം അദ്ദേഹം സൂചിപ്പിച്ചിട്ടുണ്ട്. 1856 ൽ മലബാറിൽ നിന്നും 150 കണ്ടി മത്തി നെയ്യ് കയറ്റുമതി ചെയ്തെങ്കിൽ അത് രണ്ട് വർഷം കൊണ്ട് അഞ്ചിൽ ഒന്നായി കുറഞ്ഞെന്നും അദ്ദേഹം ചൂണ്ടിക്കാട്ടിയിട്ടുണ്ട്. മീനെണ്ണ കൂടുതൽ വിറ്റാൽ അടുത്ത ഘട്ടത്തിൽ മത്സ്യത്തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടുമോ എന്നും അദ്ദേഹം ആശങ്ക പ്രകടിപ്പിച്ചിരുന്നു.

1940കളുടെ ആരംഭത്തിൽ മലബാറിലെ മീനെണ്ണ ഫാക്ടറികളുടെ എണ്ണം 203ൽ നിന്നും 603 ആയി കൂടി. അവർക്ക് വേണ്ടി രാപ്പകലില്ലാതെ മത്തി പിടിത്തം നടന്നു, അതോടെ മത്തിയുടെ ഉത്പാദനം തകർന്നു. തുടർന്ന് 1942 മുതൽ മത്തിക്കൊല്ലി വലയും ചാളക്കൊല്ലി വലയും ബ്രീട്ടീഷ് സർക്കാർ നിരോധിച്ചു. 1947 ൽ ബ്രിട്ടീഷുകാർ പോയതോടെ ഇന്ത്യ നിയമം പിൻവലിച്ചെങ്കിലും 1952 ലാണ് മത്തി പഴയപോലെ തിരിച്ചുവന്നത്. പിന്നീട് 1964 ലും 1994 ലും മത്തിക്ക് ഇതുപോലെ തകർച്ച ഉണ്ടായിട്ടുണ്ട്. മീൻ കൂടുതൽ പിടിക്കുന്നതല്ല പാരിസ്ഥിക പ്രശ്നങ്ങളാണ് ഈ തകർച്ചയ്ക്ക് കാരണം എന്ന വാദങ്ങൾ ശക്തമാണ്. 25 വർഷത്തിനിടെ ഉണ്ടായ ഏറ്റവും വലിയ തർച്ചയിലേക്ക് ഉത്പാദനം എത്തി നിൽക്കുമ്പോൾ പറയപ്പെടുന്ന കാരണങ്ങൾ ഇവയൊക്കെയാണ്.

2013ന് ശേഷം തീരക്കടലിന്റെ ചൂട് കൂടിയതും 2014ൽ അധികം മഴ ലഭിച്ചതിനെ തുടർന്ന് തീരക്കടലിലെ ഉപ്പിന്റെ അംശം താണുപോയതും ഓക്സിജന്റെ അളവ് കുറഞ്ഞതുമാണ് കേരളത്തിന്റെ തീരക്കടലിലേക്കുള്ള മത്തിയുടെ വരവിനെ പ്രതികൂലമായി ബാധിച്ചത്. 2015ൽ എൽ നിനോ പ്രതിഭാസം മൂലം കേരള തീരത്ത് പതിവായി ഉണ്ടാവാറുള്ള അപ് വെല്ലിങ്ങ് ക്രമം തെറ്റിയതും മത്തിയുടെ വരവിന് തിരിച്ചടിയായി. എൽ നീനോ ഇപ്പോൾ കുറഞ്ഞെങ്കിലും ഇപ്പോഴും അത് ലാനീനോ പ്രക്രിയയിലേക്ക് മാറിയിട്ടില്ല എന്നതാണ് ഉത്പാദനം പുനരാരംഭിക്കാത്തതിന്റെ പ്രധാന കാരണം. കടലിലെ മത്സ്യ ശ്രംഖലയിലെ പ്രധാനിയാണ് മത്തി എന്നതിനാൽ ഇതിന്റെ കുറവ് മറ്റ് ചില ജീവികളുടെ ആധിക്യത്തിനും കാരണമായിട്ടുണ്ട്.

കടൽച്ചൊറി എന്നറിയപ്പെടുന്ന ജെല്ലി ഫിഷിന്റെ എണ്ണം ക്രമാതീതമായി കൂടിയതും ചാളയെ ഭക്ഷിക്കുന്ന സംരക്ഷിത ഇനത്തിൽപ്പെട്ട കടൽപ്പന്നികൾ കൂട്ടത്തോടെ തീരക്കടിലിൽ എത്തി മീൻ പിടിക്കുന്ന സമയത്ത് വലകൾ കടിച്ച് മുറിക്കുന്നതും ഇതിന് ഉദാഹരണങ്ങളാണ്. കാലാവസ്ഥാ മാറ്റത്തിന്റെ പ്രഭാവം കേരളത്തെ മാത്രമല്ല ലോകമൊട്ടാകെയും മത്സ്യങ്ങളെ ബാധിച്ചിട്ടുണ്ട്. അമേരിക്കയിൽ ഏറ്റവും കൂടുതലായി പിടിച്ചിരുന്ന കാലിഫോർണിയൻ മത്തിയുടെ ഉത്പാദനം പത്ത് വർഷത്തിനിടയിൽ 18 ലക്ഷം ടണ്ണിൽ നിന്നും കേവലം 86000 ടണ്ണായി കുറഞ്ഞു. മത്തി ഇനത്തിൽപ്പെട്ട ഹെറിംഗ്, പിൽചാഡ്, ഷാഡ് മത്സ്യങ്ങൾക്കും വിവിധ രാജ്യങ്ങളിൽ സമാനമായ തകർച്ച ഉണ്ടായിട്ടുണ്ട്. കാലാവസ്ഥ മാറ്റം ഏറ്റവും എളുപ്പത്തിൽ സ്വാധീനിക്കുന്ന ഒരു ഇനമാണ് മത്തി എന്ന് ചുരുക്കം

### സാമൂഹിക സാമ്പത്തിക പ്രത്യാഘാതം

കേരളത്തിൽ കടലിൽ പോയി മത്സ്യം പിടിക്കുന്ന ഒന്നരലക്ഷം സജീവ മത്സ്യത്തൊഴിലാളികൾ ഉണ്ടെന്നാണ് കണക്ക്. ഇതിൽ ഒന്നേകാൽ ലക്ഷം പേരും അയല, മത്തി, നെത്തോലി വറ്റ തുടങ്ങിയ ഉപരിതല മത്സ്യങ്ങളെയാണ് പിടിക്കുന്നത്. ഈ മത്സ്യ തകർച്ച ഈ തൊഴിലാളികളുടെ കുടുംബങ്ങളെ കൂടിയാണ് ബാധിക്കുന്നത്. 2012ൽ ഒരു തൊഴിലാളിക്ക് 120 തൊഴിൽ ദിനങ്ങൾ ഉണ്ടായിരുന്നത് ഇപ്പോൾ 40 ആയി കുറഞ്ഞു.

***(കേരള മത്സ്യത്തൊഴിലാളി ഐക്യവേദിയുടെ പ്രസിഡന്റാണ് ലേഖകൻ)***